(ബി) ഇപ്പോൾ ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടില്ലാത്ത പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഒരിക്കൽ ഇ.എസ്.ഐ.-യിൽ അംഗമാകുന്ന തൊഴിലാളികൾക്ക് സ്ഥാപനം ഇടയ്ക്ക് പ്രവർത്തനരഹിതമായാലും ഇ.എസ്.ഐ. വഴിയുള്ള ചികിൽസ ലഭ്യമാക്കാൻ നിയമം നിർമ്മിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ബാധകമാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആശുപത്രികളുടെയും ഡിസ്പെൻസറികളുടേയും ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കി തൊഴിലാളികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലേയും വിവിധ വില്ലേജുകൾ ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടുണ്ട്. വില്ലേജുകളുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇ. എസ്. ഐ. സ്കീമിനെ സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്.

ഇ. എസ്. ഐ. ആശുപത്രികൾക്ക് അനുവദിച്ച കിടക്കകൾ

29 [516] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ശങ്കരൻ:
" കെ. എ. ചന്ദ്രൻ:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ഒട്ടാകെ എത്ര ബെഡ്ഡുകളുണ്ട്;

(ബി) ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജാശുപത്രികൾ, മറ്റ് ഗവൺമെന്റ് വക സ്പെഷ്യലൈസ്ഡ് ആശുപത്രികൾ എന്നിവയിൽ ഇ.എസ്.ഐ. കോർപ്പറേഷനുവേണ്ടി എത്ര ബെഡ്ഡുകൾ റിസർവ്വ് ചെയ്തിട്ടുണ്ട്;

(സി) അതിന് ഇ.എസ്.ഐ. കോർപ്പറേഷൻ എന്തു തുക നൽകുന്നുണ്ട്?

ഉത്തരം

(എ) 1123 ബെഡ്ഡുകൾ

(ബി) പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ 24-ഉം പതിയാരം ജില്ലാ ക്ഷയരോഗാശുപത്രിയിൽ 6-ഉം ഉൾപ്പെടെ 30 ബെഡ്ഡുകൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കായി റിസർവ്വ് ചെയ്തിട്ടുണ്ട്.

(സി) ഇ. എസ്. ഐ. കോർപ്പറേഷൻ തുക ഒന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly